**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 893** **31-01-2024 - ൽ മറുപടിയ്ക്ക്**

**എസ്.സി,എസ്.ടി,ഒ.ബി.സി,ഒ.ഇ.സി ഗവേഷക വിദ്യാർത്ഥികൾക്കുള്ള ഫെലോഷിപ്പ് വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എസ്.സി,എസ്.ടി,ഒ.ബി.സി,ഒ.ഇ.സി വിഭാഗത്തിൽപ്പെട്ട ഗവേഷക വിദ്യാർത്ഥികൾക്ക് നൽകുന്ന ഫെലോഷിപ്പ് വിതരണം മുടങ്ങുന്നതിനാൽ ഗവേഷക വിദ്യാർത്ഥികൾ സാമൂഹികമായും അക്കാദമികമായും പ്രതിസന്ധി നേരിടുന്നത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഫെലോഷിപ്പ് വിതരണം പൂർണമായും മുടങ്ങുന്ന സാഹചര്യം ഉണ്ടായിട്ടില്ല. ജില്ലാ പട്ടികജാതി വികസന ഓഫീസിൽ നിന്നും അംഗീകരിച്ച 22.12.23 വരെ നൽകിയ എല്ലാ ക്ലെയിമുകളും വിതരണം ചെയ്തിട്ടുണ്ട്. അതിനുശേഷം ലഭിച്ച ക്ലെയിമുകൾ വിതരണം ചെയ്യുന്നതിന് അധിക തുകക്കുള്ള പ്രൊപ്പോസലിൻമേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.<br><br>SNA-PFMS സംവിധാനം പൂർത്തിയാക്കി പട്ടികവർഗ ഗവേഷണ വിദ്യാർഥികൾക്ക് ഫെലോഷിപ്പുകൾ വിതരണം ചെയ്തിട്ടുണ്ട്. ബഡ്ജറ്റ് വിഹിതത്തിൽ ലഭ്യമായ തുക 2023 ആഗസ്റ്റ് മാസം വരെ പൂർണ്ണമായും വിതരണം ചെയ്യുകയും അവശേഷിക്കുന്ന ഒ.ഇ.സി ഗവേഷക വിദ്യാർത്ഥികളുടെ ക്ലെയിമുകൾ വിതരണം ചെയ്യുന്നതിന് അധിക തുകക്കുള്ള പ്രൊപ്പോസലിൻമേൽ തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ഒ.ബി.സി ഗവേഷക വിദ്യാർത്ഥികൾക്ക് ഫെലോഷിപ്പ് അനുവദിച്ച് വരുന്നില്ല. |
| (ബി) | നിലവിൽ മേൽപ്പറഞ്ഞ ഫെലോഷിപ്പ് ഓരോ വിഭാഗം വിദ്യാർത്ഥികൾക്കും എതെങ്കിലും ഗഡു കുടിശ്ശികയുണ്ടോ; അവസാനമായി ഫെലോഷിപ് ഓരോ വിഭാഗത്തിനും അനുവദിച്ചത് എന്നാണ്; കുടിശ്ശിക ഉണ്ടെങ്കിൽ അത് തീർത്ത് ഫെലോഷിപ്പ് വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | ഫെലോഷിപ്പ് വിതരണം പൂർണമായും മുടങ്ങുന്ന സാഹചര്യം ഉണ്ടായിട്ടില്ല. ജില്ലാ പട്ടികജാതി വികസന ഓഫീസിൽ നിന്നും അംഗീകരിച്ച 22.12.23 വരെ നൽകിയ എല്ലാ ക്ലെയിമുകളും വിതരണം ചെയ്തിട്ടുണ്ട്. അതിനുശേഷം ലഭിച്ച ക്ലെയിമുകൾ വിതരണം ചെയ്യുന്നതിന് അധിക തുകക്കുള്ള പ്രൊപ്പോസലിൻമേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.<br><br>SNA-PFMS സംവിധാനം പൂർത്തിയാക്കി പട്ടികവർഗ ഗവേഷണ വിദ്യാർഥികൾക്ക് |

| | | | |
|---|---|---|---|
| | | | ഫെലോഷിപ്പുകൾ വിതരണം ചെയ്തിട്ടുണ്ട്. ബഡ്ജറ്റ് വിഹിതത്തിൽ ലഭ്യമായ തുക 2023 ആഗസ്റ്റ് മാസം വരെ പൂർണ്ണമായും വിതരണം ചെയ്യുകയും അവശേഷിക്കുന്ന ഒ.ഇ.സി ഗവേഷക വിദ്യാർത്ഥികളുടെ ക്ലെയിമുകൾ വിതരണം ചെയ്യുന്നതിന് അധിക തുകക്കുള്ള പ്രൊപ്പോസലിൻമേൽ തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ഒ.ബി.സി ഗവേഷക വിദ്യാർത്ഥികൾക്ക് ഫെലോഷിപ്പ് അനുവദിച്ച് വരുന്നില്ല. |

സെക്ഷൻ ഓഫീസർ